E- 826206.

നം. വൈ(2)/688276/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി: 14/12/2022

## സർക്കുലർ

**വിഷയം :- പൊ.വി. - 61 -ാമത് കേരള സ്കൂൾ കലോത്സവം- 2022-23 ജനുവരി 3 മുതൽ 7 വരെ കോഴിക്കോട്- ടീം മാനേജർമാർ, സ്റ്റേജ് മാനേജർമാർ എന്നിവർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സൂചന :-1. സർക്കാർ ഉത്തരവ് സ.ഉ. (കൈ) നം. 129/2017 തീയതി 20/10/2017
2.സർക്കാർ ഉത്തരവ് സ.ഉ. (കൈ) നം. 144/2018 തീയതി 06/10/2018

**മത്സരത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ടീം മാനേജർമാരും, സ്റ്റേജ് മാനേജർമാരും ഈ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്.**

1. ഓരോ സ്റ്റേജിലും മത്സരയിനങ്ങൾ അവയുടെ അവതരണ ക്രമം അനുസരിച്ച് ക്ലസ്റ്റർ ലിസ്റ്റിൽ ചേർത്തിരിക്കും. ഏതെങ്കിലും നമ്പർ വിട്ടുപോയിട്ടുണ്ടെങ്കിൽ, രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ടീം മാനേജർ പ്രോഗ്രാം കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടണം.
2. ക്ലസ്റ്റർ രീതി അനുസരിച്ച് മത്സരങ്ങൾ നടത്തുന്നതിനാൽ ഓരോ ക്ലസ്റ്ററിലെയും മത്സരത്തിന് അറിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ വേദികളിൽ റിപ്പോർട്ട് ചെയ്യണം. മത്സരം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പ് കുട്ടികളെ സ്റ്റേജിനടുത്തുള്ള വിശ്രമമുറിയിലെത്തിക്കേണ്ടതാണ്.
3. റിപ്പോർട്ട് ചെയ്യാനാവശ്യപ്പെട്ട സമയത്തിനുള്ളിൽ മത്സരാർത്ഥിയോ എസ്കോർട്ടിംഗ് അധ്യാപകരോ, ജില്ലാ ടീം മാനേജരോ സ്റ്റേജിൽ റിപ്പോർട്ട് ചെയ്തില്ലെങ്കിൽ ആ ഇനത്തിൽ പ്രസ്തുത ജില്ലയിൽ നിന്നുള്ളയാൾ/ടീം മത്സരിക്കുന്നില്ലായെന്ന് കണക്കാക്കുകയും മത്സരത്തിൽ നിന്ന് ഒഴിവാക്കുകയും ചെയ്യും. പരമാവധി മൂന്നു പ്രാവശ്യം മാത്രമേ മത്സരാർത്ഥികൾക്ക്/ടീമിന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള അറിയിപ്പ് നൽകുകയുള്ളു. രക്ഷിതാക്കൾക്കോ കുട്ടിയെ പഠിപ്പിക്കുന്ന കലാധ്യാപകർക്കോ സ്റ്റേജിലേയ്ക്ക് പ്രവേശനമില്ല. എസ്കോർട്ടിംഗ് ടീച്ചർ തന്നെ കുട്ടിയെ വേദിയിലെത്തിക്കേണ്ടതാണ്.
4. മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിയുടേയും കൈവശം ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് (പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന ഐ.ഡി കാർഡിന്റെ ഫോർമാറ്റിൽ ആയിരിക്കണം) പാർട്ടിസിപ്പന്റ് കാർഡ് എന്നിവ ഉണ്ടായിരിക്കണം. എസ്കോർട്ടിംഗ് അധ്യാപകർ ബാഡ്ജ് ധരിച്ചിരിക്കണം.



Scanned with OKEN Scanner

5. മത്സരാർത്ഥികളുടെ രക്ഷിതാക്കൾക്കോ മറ്റു സഹായികൾക്കോ സ്റ്റേജിലോ, വിശ്രമമുറികളിലോ ഒരു കാരണവശാലും പ്രവേശനം അനുവദിക്കുന്നതല്ല. മത്സരാർത്ഥിയെ മത്സരം തുടങ്ങുന്നതിന് അരമണിക്കൂർ തന്നെ വേദിയുടെ പുറകിൽ മത്സരത്തിൽ പങ്കെടുക്കുന്നതിന് ഒരുക്കങ്ങൾ നടത്തി എസ്കോർട്ടിംഗ് അധ്യാപകൻ എത്തിക്കേണ്ടതാണ്.

6. അവതരണത്തിലുള്ള മുൻഗണനാക്രമം നറുക്കിട്ടെടുത്ത് തീരുമാനിച്ചശേഷം കോഡ് നമ്പർ നൽകും. കുട്ടികൾ കോഡ് നമ്പർ ഫോറത്തിൽ ഒപ്പിടണം. ഐഡന്റിറ്റി കാർഡിലെയും, ഫോറത്തിലേയും ഒപ്പുകൾ വ്യത്യസ്തമെന്ന് കണ്ടാൽ മത്സരിക്കാനുള്ള അർഹത നഷ്ടപ്പെടും. കോഡ് നമ്പർ അനുവദിച്ചു കഴിഞ്ഞാൽ കുട്ടികളെ പുറത്തു പോകാൻ അനുവദിക്കില്ല.

7. രചനാമത്സരങ്ങൾക്ക് കോഡ് നമ്പർ അനുവദിച്ച് അവ സ്ക്രിപ്റ്റിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയത്തിന് നൽകേണ്ടതാണ്.

8. കുട്ടികൾ കോഡ് നമ്പർ വാങ്ങുമ്പോൾ ഐഡന്റിറ്റി കാർഡും പാർട്ടിസിപ്പന്റ് കാർഡും സ്റ്റേജിൽ ഏൽപ്പിക്കണം. മത്സരം കഴിഞ്ഞാലുടൻ കോഡ് നമ്പർ മടക്കിക്കൊടുത്ത് അവ തിരികെ വാങ്ങണം.

9. കോഡ് നമ്പർ വിധികർത്താക്കൾ കാണുംവിധം ധരിച്ചിരിക്കണം

10. സ്റ്റേജ് മാനേജരുടെ നിർദ്ദേശങ്ങൾ പാലിക്കാൻ മത്സരാർത്ഥികളും എസ്കോർട്ടിംഗ് ടീച്ചറും ടീം മാനേജരും ബാദ്ധ്യസ്ഥരാണ്.

11. സ്റ്റേജിൽ എന്തെങ്കിലും പ്രശ്നങ്ങളോ അസൗകര്യങ്ങളോ ഉണ്ടെങ്കിൽ മത്സരത്തിനുമുമ്പ് മത്സരാർത്ഥി സ്റ്റേജ് മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തണം.

12. കൃത്യസമയത്ത് മത്സരം നടത്തി തീർക്കാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

13. ഓരോ വേദിയിലെയും മത്സരത്തെക്കുറിച്ചുള്ള അറിയിപ്പുകൾ അതാത് വേദിയിൽ മാത്രമേ ഉണ്ടാകൂ.

14. ആവശ്യമെന്ന് കണ്ടാൽ മത്സരപരിപാടികളുടെ വേദി, സമയം അവതരണ ക്രമം എന്നിവയിൽ മാറ്റം വരുത്തുവാൻ ജനറൽ കൺവീനർക്ക് അധികാരമുണ്ടായിരിക്കും.

15. പരിപാടിയിൽ മാറ്റം വരുത്തിയാൽ ആയത് സംബന്ധിച്ച അറിയിപ്പ് എല്ലാ വേദിയിലും നൽകുന്നതാണ്. ടീം മാനേജർമാർ മാറ്റങ്ങൾ യഥാസമയം മനസ്സിലാക്കി കുട്ടികളെ സജ്ജരാക്കേണ്ടതാണ്.

16. മത്സരയിനങ്ങളിൽ പങ്കെടുക്കുന്നവർക്ക് വേദി സജ്ജീകരിക്കാൻ വ്യക്തിഗത ഇനങ്ങൾക്ക് രണ്ടു മിനിറ്റും, (നൃത്ത ഇനങ്ങൾക്ക് 3 മിനിറ്റ്) ഗ്രൂപ്പ് ഇനങ്ങൾക്ക് 5 മിനിറ്റും, വേദിയിൽ തത്സമയം സജ്ജീകരിക്കുന്ന ഇനങ്ങൾക്ക് പത്ത് മിനിറ്റും സമയം അനുവദിക്കുന്നതാണ്. വേദി സജ്ജീകരിക്കാൻ നിശ്ചിത സമയത്തിലധികം ഒരു കാരണവശാലും അനുവദിക്കുന്നതല്ല.



Scanned with OKEN Scanner

17. ഓരോ മത്സരത്തിനും തീരുമാനിച്ചിട്ടുള്ള സമയപരിധി കർശനമായി പാലിക്കണം. സമയപരിധി ബെല്ലോ, വിസിലോ, വൈദ്യുതി വിളക്കോ ഇലക്ട്രോണിക് ഡിസ്പ്ലേയോ ഉപയോഗിച്ച് പ്രത്യേകം അറിയിക്കുന്നതായിരിക്കും.

18. ഒരേ സമയത്ത് നടക്കുന്ന ഒന്നിലധികം ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ അവർക്കുണ്ടായേക്കാവുന്ന അസൗകര്യങ്ങൾ മുൻകൂട്ടി ജനറൽ കൺവീനർ/ പ്രോഗ്രാം കൺവീനറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ആവശ്യമായ അവതരണ ക്രമീകരണം അനുവദിച്ച് വാങ്ങേണ്ടതുമാണ്.

19. ഓരോ മത്സരവും ആരംഭിക്കുന്നതിന് മുമ്പ് വേദിയുടെ ക്രമീകരണം ലൈറ്റ് & സൗണ്ട്, ഇടവേളകളിലുള്ള ശുചീകരണം എന്നിവയും കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തുക.

20. 61-ാമത് സംസ്ഥാന കലോത്സവം ഒരു ഗ്രീൻ ഇവന്റ് ആയി കണക്കാക്കി പ്ലാസ്റ്റിക് രഹിത കലോത്സവമായി നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനാൽ മത്സരാർത്ഥികളും രക്ഷകർത്താക്കളും അധ്യാപകരും പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കലോത്സവവേദിയിലും പരിസരത്തും ഒഴിവാക്കേണ്ടതാണ്.

## മൂല്യനിർണ്ണയം- മത്സരഫലം

1. ഓരോ ഇനത്തിലും എല്ലാ മത്സരങ്ങളും കഴിഞ്ഞാൽ ഉടൻതന്നെ വിധികർത്താക്കളുടെ സാന്നിദ്ധ്യത്തിൽ മാർക്കുകൾ ടാബുലേറ്റ് ചെയ്യുകയും തുടർന്ന് കോഡ് നമ്പർ അടിസ്ഥാനത്തിൽ വിധികർത്താക്കൾ മത്സരിച്ച എല്ലാ കുട്ടികളുടേയും ഗ്രേഡ് പ്രഖ്യാപിക്കുന്നതാണ്. ഫലത്തിന്റെ വിശദ വിവരങ്ങൾ പബ്ലിസിറ്റി ഓഫീസിൽ നിന്നും ഡിജിറ്റൽ ഡിസ്പ്ലേയിലൂടെ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത ഫലത്തിലെ ഗ്രേഡുകളായിരിക്കും അന്തിമഫലമായി കണക്കാക്കുക. പോയിന്റുകൾ സ്കോർ ബോർഡിൽ രേഖപ്പെടുത്തുന്നതാണ്.
2. മത്സരം തുടങ്ങുന്നതിന് മുമ്പ് വിധികർത്താക്കളുടെ ബയോഡേറ്റ സ്റ്റേജിൽ വായിക്കുന്നതാണ്.
3. മത്സരം സംബന്ധിച്ച പരാതികൾ ഫലപ്രഖ്യാപനം (വെബ്സൈറ്റിൽ ഫലം പ്രസിദ്ധീകരിച്ചു) കഴിഞ്ഞ് ഒരു മണിക്കൂറിനകം 2,500/- രൂപ ഫീസോട് കൂടി രേഖാമൂലം ബന്ധപ്പെട്ട വിദ്യാർത്ഥിയുടെ ഒപ്പോടുകൂടി ജനറൽ കോർഡിനേറ്റർക്കോ ജനറൽ കൺവീനർക്കോ അപ്പീൽ സമർപ്പിക്കാവുന്നതാണ്. മത്സരാർത്ഥിയോ ബന്ധപ്പെട്ട ടീം മാനേജരോ ആയിരിക്കണം അപ്പീൽ സമർപ്പിക്കേണ്ടത്.
4. രക്ഷകർത്താക്കളുടേയും മറ്റു വ്യക്തികളുടേയും അപ്പീലുകൾ സ്വീകരിക്കുന്നതല്ല.



Scanned with OKEN Scanner

5. സാങ്കേതികമോ നിയമപരമോ ആയ കാരണങ്ങളാല്ലാതെ അപ്പീൽ അനുവദിക്കുന്നതല്ല.
6. അപ്പീൽ കമ്മിറ്റിക്ക് ലഭിക്കുന്ന അപ്പീലുകളിന്മേൽ കലോത്സവ മത്സരങ്ങൾ കഴിയുന്നതിനു മുമ്പ് തീർപ്പുകൽപിക്കുന്നതാണ്.
7. മത്സരം വീണ്ടും നടത്താൻ ഉത്തരവ് ഉണ്ടാകുന്ന പക്ഷം അപ്പീൽകാരായ വിദ്യാർത്ഥികൾ സ്വന്തം ചെലവിൽ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്ത് കൃത്യസമയത്ത് എത്തി അവതരിപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റിയുടെ വിധി അന്തിമമായിരിക്കും.

## <u>ടീം മാനേജർക്കുള്ള നിർദ്ദേശങ്ങൾ</u>

1. കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ **<u>കോഴിക്കോട്, ബി.ഇ.എം ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ</u>** വച്ച് 2-ാം തീയതി രാവിലെ 10 മണി മുതൽ നടക്കുന്നതാണ്.
2. സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് (വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഒപ്പോടുകൂടിയത്), ജില്ലാതല മത്സരത്തിൽ കുട്ടികൾക്ക് ലഭിച്ച മെരിറ്റ് സർട്ടിഫിക്കറ്റുകൾ, ട്രോഫി കമ്മിറ്റിയിൽ നിന്നും ലഭിച്ചിട്ടുള്ള ക്ലീയറൻസ് സർട്ടിഫിക്കറ്റ് എന്നിവ ടീം മാനേജർ രജിസ്ട്രേഷന് വേണ്ടി സമർപ്പിക്കേണ്ടതാണ്.
3. കൂടാതെ മത്സരത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിയുടേയും ഫോട്ടോ പതിച്ച രണ്ട് ഐഡന്റിറ്റി കാർഡുകൾ കൊണ്ടുവരണം. (പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന ഐ.ഡി കാർഡിന്റെ ഫോർമാറ്റിൽ ആയിരിക്കണം) ഐഡന്റിറ്റി കാർഡുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മേലൊപ്പ് വെച്ചിരിക്കണം.
4. സംസ്കൃതോത്സവം, അറബിക് കലോത്സവം ഇവയിൽ പങ്കെടുക്കുന്നുവെങ്കിൽ പ്രത്യേകം ഐഡന്റിറ്റി കാർഡുകൾ വേണം.
5. ഓരോ ജില്ലയ്ക്കും ഒരു ടീം മാനേജർ, നാല് വിഭാഗത്തിനും ഓരോ അസിസ്റ്റന്റ് മാനേജർ, എസ്കോർട്ടിംഗ് ടീച്ചർ എന്നിവയുടെ പേരും, സ്കൂൾ മേൽവിലാസവും ഫോൺ നമ്പറും എഴുതിയ 3 കോപ്പികൾ രജിസ്ട്രേഷൻ സമയത്ത് കൗണ്ടറിൽ ഏൽപ്പിക്കണം.
6. പങ്കെടുക്കുന്ന മുഴുവൻ മത്സരാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ വെബ്സൈറ്റിൽ സ്കൂൾ ലോഗിൻ ചെയ്ത് ഉൾപ്പെടുത്തേണ്ടതാണ്.
7. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് അക്കോമഡേഷനായി പ്രഥമാധ്യാപകൻ മുഖേന സ്കൂളിൽ നിന്നും ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.



Scanned with OKEN Scanner

8. ഓരോ ടീം മാനേജരും രജിസ്ട്രേഷൻ സമയത്ത് അക്കോമഡേഷൻ കമ്മിറ്റിയിൽ 5,000/- രൂപ ഡിപ്പോസിറ്റായി അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക കലോത്സവം കഴിഞ്ഞാലുടൻ നിബന്ധനകൾക്ക് വിധേയമായി തുക തിരിച്ചു നൽകുന്നതാണ്.

9. കലോത്സവത്തിൽ പങ്കെടുക്കുന്നവരെ സ്വീകരിക്കുന്നതിനായി കോഴിക്കോട്, റെയിൽവെ സ്റ്റേഷൻ, ബസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ പ്രത്യേകം കൗണ്ടർ ഉണ്ടായിരിക്കും.

10. രജിസ്ട്രേഷന് വേണ്ടി ഓരോ ജില്ലയ്ക്കും പ്രത്യേക കൗണ്ടറുകൾ ഉണ്ടായിരിക്കും.

11. മുൻവർഷങ്ങളിൽ റോളിംഗ് ട്രോഫി ലഭിച്ചിട്ടുണ്ടെങ്കിൽ അവ രജിസ്ട്രേഷൻ സമയത്ത് ട്രോഫി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്.

12. മത്സരം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടക്കുന്നതിനാൽ ക്രമപ്രകാരം മത്സരാർത്ഥി കളെ സ്റ്റേജിൽ എത്തിക്കേണ്ട ചുമതല ടീം മാനേജർക്കും എസ്കോർട്ടിംഗ് ടീച്ചർക്കും ഉള്ളതാണ്. വേദിയിലേക്ക് മത്സരാർത്ഥികളോടൊപ്പം രക്ഷിതാക്കളെ ഒരു കാരണവശാലും പ്രവേശിക്കാൻ അനുവദിക്കുന്നതല്ല.

13. ക്ലസ്റ്റർ ഓർഡർ പ്രകാരം മത്സരം അവതരിപ്പിക്കാൻ നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യാത്ത കുട്ടികളെ പിന്നീട് യാതൊരു കാരണവശാലും മത്സരത്തിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.

14. കോടതി ഉത്തരവിലൂടെയും അപ്പീലിലൂടെയും വരുന്ന മത്സരാർത്ഥികൾ സെക്ഷനിൽ നിന്നും ലഭിക്കുന്ന ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്. കൂടാതെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് വിദ്യാഭ്യാസ ഉപഡയറക്ടർ മേലൊപ്പ് വച്ചത് രണ്ട് കോപ്പി കൂടെ കൊണ്ട് വരണം.

15. ഓരോ ജില്ലയുടേയും ടീം മാനേജർമാർ അവരവരുടെ കുട്ടികളുടെ സർട്ടിഫിക്കറ്റ് ലഭിച്ചു എന്ന് ഉറപ്പുവരുത്തിയതിന് ശേഷമേ മടങ്ങിപ്പോകാൻ പാടുള്ളു. ട്രോഫി കമ്മിറ്റിയിൽ നിന്നാണ് കുട്ടികൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്.

16. അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ച് കലോത്സവം അലങ്കോലമാക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ, അധ്യാപകർ ഉൾപ്പെടെയുള്ളവർക്കെതിരെ അയോഗ്യത കല്പിക്കലെടക്കമുള്ള ഉചിതമായ ശിക്ഷാ നടപടി കൈക്കൊള്ളുന്നതാണ്.

17. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് ലഭിക്കുന്ന എല്ലാ മത്സരാർത്ഥി കൾക്കും സാംസ്കാരിക സ്കോളർഷിപ്പായി 1000 രൂപ നൽകുന്നുണ്ട്. ഇതിനായി കുട്ടികളുടെ ബാങ്കിന്റെ വിശദവിവരങ്ങൾ കൂടെ കരുതേണ്ടതാണ്.

18. വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. എ ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഒറ്റത്തവണ സാംസ്കാരിക സ്കോളർഷിപ്പ് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്.



Scanned with OKEN Scanner

**അപ്പീൽ**

1. കോടതി ഉത്തരവിലൂടെയോ, ജില്ലാതല അപ്പീലിലൂടെയോ സംസ്ഥാനതല മത്സരത്തിനെത്തുന്നവർ **കോഴിക്കോട് ബി.ഇ.എം ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ** പ്രവർത്തിക്കുന്ന അപ്പീൽ കമ്മിറ്റി ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ജില്ലാതല അപ്പീലിലൂടെയോ കോടതി ഉത്തരവ് പ്രകാരമോ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥി 5000/- രൂപ അപ്പീൽ ഫീസായി നൽകേണ്ടതാണ്.
2. ഇപ്രകാരം പങ്കെടുക്കുന്ന മത്സരാർത്ഥി ജില്ലാതലത്തിൽ നിന്നും മത്സരിച്ച് വിജയിച്ച മത്സരാർത്ഥിയേക്കാൾ സ്കോർ മെച്ചപ്പെടുത്തിയാൽ മാത്രമേ ഗ്രേഡിനോ ഗ്രേസ് മാർക്ക് ആനുകൂല്യങ്ങൾക്കോ സർട്ടിഫിക്കറ്റിനോ പരിഗണിക്കുകയുള്ളു.
3. മേൽപറഞ്ഞ പ്രകാരം സ്കോർ മെച്ചപ്പെട്ടിട്ടില്ലെങ്കിൽ അപ്പീൽ ഫീസായി നൽകിയ തുകയും സർട്ടിഫിക്കറ്റും ഗ്രേഡ് ആനുകൂല്യങ്ങളോ ലഭിക്കുന്നതല്ല.

സി.എ. സന്തോഷ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ജനറൽ)

**സ്വീകർത്താവ്**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ കേരള സ്കൂൾ കലോത്സവ കമ്മിറ്റി കൺവീനർമാർക്കും (കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം)
4. എല്ലാ ടീം മാനേജർമാർക്കും, മത്സരാർത്ഥികൾക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)

പുനരെഴുത്ത് കത്ത് നം: - സി4/668897/2022. തിയതി. 16/12/2022

(1) എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2) R.D.D/A.D എന്നിവർക്കും.
3) എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)
4) പ്രോഗ്രാം കമ്മിറ്റി കൺവീനർക്കും

കൂടുതൽ വിവരങ്ങൾക്ക് പ്രോഗ്രാം കമ്മിറ്റി കൺവീനറുമായി ബന്ധപ്പെടുക
ബിന്ദു ജേക്കബ് ജൊനാഥൻ, ഫോൺ: 9495614091

16/12/22
വിദ്യാഭ്യാസ ഉപഡയറക്ടർ
പത്തനംതിട്ട, തിരുവല്ല.



Scanned with OKEN Scanner

61-ാമത് കേരള സ്കൂൾ കലോത്സവം

# കേരള സ്കൂൾ കലോത്സവം-കോഴിക്കോട്- 2022-23

## ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ്

ജില്ലയുടെ പേര്:-

PHOTO

പേര് :

ക്ലാസ്സ് :

സ്കൂളിന്റെ പേര് :

അഡ്മിഷൻ നമ്പർ :

സ്കൂൾ കോഡ് : (ഹൈസ്കൂൾ കോഡ് എഴുതുക)

മത്സരിക്കുന്ന വിഭാഗം :

മത്സരിക്കുന്ന ഇനം :

| ക്രമ നമ്പർ | ഇനം | ഐറ്റം കോഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |

ഐഡന്റിഫിക്കേഷൻ മാർക്ക് 1. :

2. :

മത്സരാർത്ഥിയുടെ ഒപ്പ് :

എസ്കോർട്ടിംഗ് ടീച്ചറുടെ പേരും ഫോൺനമ്പരും :

മത്സരിക്കുന്ന കുട്ടിയുടെ ഫോൺ നമ്പർ :

---

മുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :
പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ

സ്ഥലം:

തീയതി:

ഒപ്പ് :
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ

Scanned with OKEN Scanner